പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2881 — 13-03-2018-ലെ മറുപടിയ്ക്ക്

## തൊടിയൂർ-തഴവ വട്ടക്കായലിൽ കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തൊടിയൂർ-തഴവ വട്ടക്കായൽ കാർഷിക യോഗ്യമാക്കി കൃഷിയിറക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ; | **(എ)** തഴവ ഗ്രാമപഞ്ചായത്തിൽപ്പെട്ടതും വർഷങ്ങളായി തരിശായിക്കിടന്നതുമായ 750 ഏക്കറോളം വരുന്ന തൊടിയൂർ തഴവ വട്ടക്കായൽ പ്രദേശം മുഴുവനായി 2017-18 പുഞ്ച സീസണിൽ നെൽകൃഷി ആരംഭിച്ചിരിക്കുന്നു. നിലമുടമകൾ സ്വമേധയ കൃഷി ചെയ്യാത്ത സാഹചര്യത്തിൽ പാട്ട കൃഷിയാണു നടപ്പിലാക്കിയിരുന്നത്. 35 ടൺ നെൽ വിത്ത് മുഴുവൻ പാടത്തുമായി വിതച്ചിട്ടുണ്ട്. |
| **(ബി)** ഈ പദ്ധതി നടപ്പിലാക്കുന്ന തിനുവേണ്ടി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | **(ബി)** കൃഷിവകുപ്പിന്റെ ബ്ലോക്ക്തല കൺവർജൻസ് പദ്ധതി പ്രകാരം 220 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനു ഹെക്ടറിനു 30000/- രൂപ എന്ന നിരക്കിൽ 66 ലക്ഷം രൂപയുടെ പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം 20 ടൺ നെൽ വിത്തിനായി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| **(സി)** ഈ പദ്ധതിയിൽ പങ്കാളികളായ കർഷകർക്ക് പാട്ട വ്യവസ്ഥയിൽ ഭൂമി വാടക ലഭിക്കുമോയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | **(സി)** തരിശുഭൂമി പദ്ധതി പ്രകാരം നിലം ഉടമയ്ക്ക് ഹെക്ടറിനു 5000/- രൂപയും കർഷകനു 25000/- രൂപയും ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ